നം.കെ.എസ്.എ.-കെ.ടി.എം.പി15-1851/2018 തീയതി : 08.10.2018

# കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.10.2017 മുതൽ 31.07.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 12.09.2018-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന്റെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ് രാജു ഡി., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2018 മുതൽ 16.08.2018 വരെ<br>05.09.2018 മുതൽ 12.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ മാത്യൂസ് റ്റി. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | സന്ധ്യാദേവി കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ സാബു ചെറിയാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി അന്നമ്മ ചെറിയാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും | ശ്രീ.സാജൻ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | | |
| സെക്രട്ടറി | ശ്രീമതി ശ്രീലേഖ സി. | 01.04.2017 മുതൽ 31.08.2017 വരെ |
| | ശ്രീ പി.കെ. അപ്പുക്കുട്ടൻ | 01.09.2017 മുതൽ 08.12.2017 വരെ |
| | എം. എസ്. വിജയൻ | 09.12.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ സുരേഷ് കുമാർ പി.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ അഹമ്മദ് കബീർ<br>ശ്രീമതി ഇന്ദു എസ്.എസ്.<br>ശ്രീ സുരേന്ദ്രബാബു കെ.പി. | 01.04.2017മുതൽ 26.10.17വരെ<br>26.10.2017 മുതൽ 9.11.17 FN വരെ<br>09.11.17AN മുതൽ 31.03.2018വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ കോര തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(CDPO) | ശ്രീമതി ലേഖ എസ്. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി, പാമ്പാടി | ഡോ. മനോജ് കെ.എ., സൂപ്രണ്ട് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ശ്രീദേവി എം.ബി. | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ഉദയകല പി.എസ്. | 01.04.2017 മുതൽ 31.03.2018വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| | ഭാഗം **1** -- പൊതു അവലോകനം |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | കാഷ് പരിശോധന |
| 1-9 | ആഭ്യന്തരനിയന്ത്രണം |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-11 | വാർഷിക കണക്കുകളുടെ അവലോകനം |
| | ഭാഗം **2** -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാടക സംബന്ധിച്ച അപാകതകൾ |
| 2-2 | ഇ-ടെൻഡർ – ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| | ഭാഗം **3** -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ദിവസ വേതനനിരക്കിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് അധിക വേതനം നൽകി |

| | |
|---|---|
| 3-2 | രാജീവ് ഗാന്ധി സേവാഘർ – ഓഫീസ് സജ്ജീകരണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ല |
| 3-3 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-4 | സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ – വിനിയോഗസാക്ഷ്യപത്രമില്ല |
| 3-5 | ഐ.എ.വൈ.അധിക വിഹിതം തിരികെ അടവാക്കൽ – ആനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തിരിച്ചടവ് – മുതൽ ഇനത്തിൽ വരവ് ചേർക്കുക |
| 3-6 | മോഡൽ കാർഷിക മാർക്കറ്റ് – സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-7 | കിടങ്ങൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ മോട്ടോർ, പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ – ഗുണഭോക്തൃവിഹിതം ആനുപാതികമായി കണക്കാക്കി കുറവ് ചെയ്തില്ല |
| 3-8 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് – ചക്കാംപുഴ കുടിവെള്ളപദ്ധതി – കരാറുകാരൻ ക്വോട്ട് ചെയ്തതിൽ കൂടുതൽ നിരക്കിൽ തുക നൽകി |
| 3-9 | ടെൻഡർ അപാകത – അധിക തുക നൽകി |
| 3-10 | ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തികവർഷം വരെ നടപ്പാക്കിയ ഭവനനിർമ്മാണ പ്രോജക്ടുകളുടെ വിശകലനം |
| ഭാഗം **4** -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

25-03-2017തീയതിയിലെ .I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 20452247 | 20218518 | | |

| | | | | |
|---|---|---|---|---|
| വരവ് | 176947585 | 58418391 | | 118529194 |
| ആകെ | 197399832 | 78636909 | | |
| ചെലവ് | 189503838 | 65326081 | | 124177757 |
| നീക്കിയിരിപ്പ് | 7895994 | 13310828 | | |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ്. പ്രതീക്ഷിത വരവുചെലവു കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുമായി വളരെയധികം അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 30-07-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20218518 |
| വരവ് | 58418391 |
| ആകെ | 78636909 |
| ചെലവ് | 65326081 |
| നീക്കിയിരിപ്പ് | 13310828 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്/അലോട്മെന്റ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34591290 | 34591290 | 33213718 | 1377572 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6610000 | 6610000 | 6030871 | 579129 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 642000 | 642000 | 642000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4331000 | 4331000 | 4035655 | 295345 |
| സാക്ഷരത | 1123 | 39 | 1162 | 0 | 1162 |
| എസ്ജിഎസ് വൈ | 1311330 | 48258 | 1359588 | 0 | 1359588 |

| | | | | | |
|---|---|---|---|---|---|
| ഐഎവൈ (പ്ലാൻ) | 15157406 | 4992615 | 20150021 | 10977647 | 9172374 |
| ഹാംലെറ്റ് | 1711105 | 15073 | 1726178 | 1379759 | 346419 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 278131 | 600000+114500 | 992631 | 99836 | 892795 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പടെ) | 1744567 | 3582000+ 1412118 | 6738685 | 5252829 | 1485856 |

## 1-6 പദ്ധതി അവലോകനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർക്കിങ് ഗ്രൂപ്പ് യോഗം 28.02.2017 ൽ ചേർന്നു. വികസനസെമിനാർ 28.04.2017ലും കൂടിയിട്ടുണ്ട്.

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2017/DPC/DPO/KTM തീയതി 24.02.2018 പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 140 | 48 | 38 | 54 | 34% |

അംഗീകാരം ലഭിച്ച 140 പ്രോജക്ടുകളിൽ 48 എണ്ണം മാത്രമേ നടപ്പാക്കാൻ കഴിഞ്ഞുള്ളൂ എന്നത് പദ്ധതിനിർവഹണത്തിൽ സ്ഥാപനം പുലർത്തിയ ഉദാസീനതയ്ക്ക് തെളിവാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ യോഗങ്ങൾ ചേരുകയും മിനിട്ട്സ് രേഖപ്പെടുത്തി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ പദ്ധതി ആസൂത്രണത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ നടത്തിയിരുന്നില്ല എന്ന് യോഗതീരുമാനങ്ങളിൽ നിന്ന് ബോധ്യപ്പെട്ടു. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. പ്രോജക്ടുകളുടെ തുടർച്ചയും സ്റ്റാന്റിംഗ് കമ്മിറ്റികൾ നിരീക്ഷിക്കേണ്ടതാണ്.

2017-18 ൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡവലപ്പമെന്റ് പ്രോജക്ട് ഓഫീസർ | 2 | 2 | 1402940 | 1402940 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 47 | 38 | 42410062 | 16572457 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 | 2555000 | 1512070 |
| 4 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 512750 | 512750 |
| 5 | പട്ടികജാതി വികസന ഓഫീസർ | 1 | 1 | 800000 | 790000 |
| 6 | മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ | 4 | 3 | 1696000 | 1369808 |

| | | | | | |
|---|---|---|---|---|---|
| 7 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 39 | 33 | 17099021 | 12977393 |
| 8 | അസി.എഞ്ചിനീയർ | 45 | 25 | 26689247 | 8784826 |

പാമ്പാടി ബ്ലോക്കിലെ 8 പഞ്ചായത്തുകളിലായി നിലവിൽ പ്രവർത്തിക്കുന്ന പത്തിൽ പരം കാർഷിക വിപണികളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പരസ്പരം ബന്ധിപ്പിക്കാനും ഉത്പ്പന്നങ്ങൾ ആവശ്യാനുസരണം കൈമാറ്റം നടത്തുവാനും ആവിഷ്കരിച്ച മോഡൽ കാർഷിക മാർക്കറ്റ് എന്ന പ്രോജക്ട് തികച്ചും പുതുമയാർന്നതും മികവുറ്റതുമായിരുന്നു. ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികമേഖല സ്വയം പര്യാപ്തത കൈവരിക്കുക എന്ന പദ്ധതി മാർഗരേഖാ നിർദ്ദേശം പൂർണ്ണമായി നടപ്പാക്കാൻ ഈ പ്രോജക്ടിന് സാധിച്ചു.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ മാലിന്യനിർമാർജനത്തിനായുള്ള 'പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് കെട്ടിടം' എന്ന പ്രോജക്ടിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2017-18 ൽ പ്രവർത്തന സാമഗ്രികൾ വാങ്ങുവാൻ പ്രോജക്ട് തയ്യാറാക്കി നിർവഹണ ഏജൻസിക്ക് അഡ്വാൻസ് കൈമാറി. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണം പോലും പൂർത്തീകരിയ്ക്കാത്ത സാഹചര്യത്തിൽ , ഉപകരണങ്ങൾ പഞ്ചായത്ത് നാളിതുവരെ കൈപ്പറ്റുകയുണ്ടായിട്ടില്ല. പദ്ധതി ആസൂത്രണത്തിൽ നിർവഹണോദ്യോഗസ്ഥർ ,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഉത്തരവാദിത്ത രാഹിത്യം മൂലമാണ് ഇപ്രകാരം സംഭവിച്ചത്. പ്രോജക്ട് നിർവഹണത്തിൽ നിർവഹണോദ്യോഗസ്ഥർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഏകോപനം ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ട് നടപ്പാക്കിയതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി മാറേണ്ടതാണ്. പ്രോജക്ട് നിർവഹണം പൂർത്തീകരിക്കുമ്പോൾ കൈവരിച്ച നേട്ടങ്ങൾ പ്രതിപാദിച്ച് എല്ലാ നിർവഹണോദ്യോഗസ്ഥരും പൂർത്തീകരണപത്രം തയ്യാറാക്കി ഡേറ്റാ എൻട്രി നടത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട വരവുചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ പേരിലുള്ള SBI അക്കൗണ്ടിലൂടെയാണ് നടത്തുന്നത് (അക്കൗണ്ട് നം.67131752364). കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | -0.00 |
| വരവ് | EFMS വരവ് | 475760/- | 541636/- |
| | പലിശ വരവ് | 2376/- | |
| | TA തിരികെ ലഭിച്ചത് | 63500 | |
| ആകെ | | | 541636/- |
| ചെലവ് | ഹോണറേറിയം & ബത്തകൾ | 475760+29.50 | 539489.50 |
| | അൺക്യാഷ്ഡ് ചെക്ക് മാറിയത് | 200 | |
| | TA SEGF അക്കൗണ്ടിൽ തിരികെ അടച്ചത് | 63500 | |
| നീക്കിയിരിപ്പ് | | | 2146.50 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ, ബാങ്ക് അക്കൗണ്ട് എന്നിവ നിശ്ചിത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-09-2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. എന്നാൽ ഇന്നേദിവസം തുകയൊന്നും വരവു വന്നിട്ടില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമല്ല. സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പ്രതിമാസ ബാങ്ക് പൊരുത്തപ്പെടുത്തലുകളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും സെക്രട്ടറി പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4-06-2018 | 2016-17 &2017-18 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-12-2017 | 2013-14 മുതൽ 2016-17വരെ | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 1-11 വാർഷിക കണക്കുകളുടെ അവലോകനം

1) വാർഷിക ധനകാര്യ പത്രികയിൽ നോട്ട്സ് ഓൺ അക്കൗണ്ട്, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനാന്ത്യ മാസാന്ത്യ ക്ലോസ്സിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.

3) പ്രതിമാസ ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4) ബ്ലോക്ക് പഞ്ചായത്തിന്റെ ഏക തനതുവരുമാനമായ വാടക സംബന്ധിച്ച രജിസ്റ്റർ എഴുതി പൂർത്തിയാക്കി ഡി. സി.ബി. തയ്യാറാക്കിയിട്ടില്ല. വാടകസംബന്ധിച്ച യഥാർത്ഥ ഡിമാന്റ്, കുടിശ്ശിക എന്നിവയല്ല വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. വാടക സംബന്ധിച്ച തൻവർഷ ഡിമാന്റ് വാർഷിക ധനകാര്യ പത്രികയിലെ ഐ-3 ഷെഡ്യൂൾ പ്രകാരം 103931/- രൂപയും, B15 ഷെഡ്യൂൾ പ്രകാരം തൻവർഷ കുടിശ്ശിക 51922/- രൂപയുമാണ്. എന്നാൽ വാടകസംബന്ധിച്ച യഥാർത്ഥ ഡിമാന്റ് 141407/- രൂപയും തൻവർഷ കുടിശ്ശിക 89398/- രൂപയുമാണ്.

5) 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11 ത.സ്വ.ഭ.വ. നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

6) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആസ്തികളായി അക്കൗണ്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 2-1 വാടക സംബന്ധിച്ച അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വാടക സംബന്ധിച്ച രജിസ്റ്റർ യഥാവിധി പൂർത്തിയാക്കി ഡി. സി. ബി. തയ്യാറാക്കിയിട്ടില്ല. യഥാർത്ഥ ഡിമാന്റ്, കുടിശ്ശിക എന്നിവയല്ല വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. തൻവർഷ ഡിമാന്റ് വാർഷിക ധനകാര്യ പത്രികയിലെ ഐ-3 ഷെഡ്യൂൾ പ്രകാരം 103931/- രൂപയും, B15 ഷെഡ്യൂൾ പ്രകാരം തൻവർഷ കുടിശ്ശിക 51922/- രൂപയുമാണ്. എന്നാൽ യഥാർത്ഥ ഡിമാന്റ് 141407/- രൂപയും തൻവർഷ കുടിശ്ശിക 89398/- രൂപയുമാണ്. കിടങ്ങൂർ പിറയാർ വനിതാ വിപണനകേന്ദ്രം മുറിയുടെ വാടക 01.04.2016 മുതൽ കുടിശ്ശികയാണ്. 2016-17 വാർഷിക ധനകാര്യ പത്രികയിൽ ഇത് കുടിശ്ശികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷവും ടി മുറിയുടെ വാടക കുടിശ്ശികയാണ്. എങ്കിലും ആയത് കുടിശ്ശികയായി ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഇ.ഒ.ഡബ്ല്യു.ഡബ്ല്യു. 1693/16 തീയതി 03.08.18 നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക ഒടുക്കാത്തപക്ഷം യാതൊരു

മുന്നറിയിപ്പും കൂടാതെ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും വാടക ഓഡിറ്റ് വേളയിലും കുടിശ്ശികയായി നിലനിൽക്കുന്നു എന്ന് വ്യക്തമാകുന്നു. എന്നാൽ വാടക രജിസ്റ്ററിൽ നിന്നും ടി മുറിയുടെ വിവരം ഒഴിവാക്കിയിരിക്കുകയാണ്. തൻമൂലം ടി മുറിയുടെ വാടക തൻവർഷ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ഒരു സാമ്പത്തിക വർഷം മുഴുവനും വാടക കുടിശ്ശിക വരുത്തുന്ന വാടകക്കാരനെ കുടിശ്ശിക ഒടുക്കാതെ അടുത്ത സാമ്പത്തിക വർഷവും മുറി ഉപയോഗിക്കുവാൻ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. തൻമാസ വാടക തൊട്ടടുത്തമാസം അഞ്ചാംതീയതിക്കകം ഒടുക്കണമെന്നും അല്ലാത്തപക്ഷം പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ പിഴപലിശ ഈടാക്കേണ്ടതാണ്. എന്നാൽ പല മാസങ്ങൾ വാടക കുടിശ്ശിക വരുത്തുന്ന വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുമ്പോൾ പിഴപലിശയായി യാതൊരു തുകയും ഈടാക്കുന്നില്ല. വാടക കൃത്യമായി ഒടുക്കിയില്ല എങ്കിലും പിഴപലിശ ഒടുക്കേണ്ടി വരില്ല എന്നതിനാൽ വാടക കൃത്യമായി ഒടുക്കുവാൻ വാടക്കാർ വൈമുഖ്യം കാണിക്കുന്നതായി കാണുന്നു. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## 2-2 ഇ-ടെൻഡർ - ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. 2017-18 വർഷം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. തൻവർഷത്തെ ടെൻഡർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ഇനം തിരിച്ചുള്ള പത്രിക സഹിതം ഡിമാന്റ് ചെയ്ത് എക്സി.എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് ഇത്തരത്തിൽ ഒരു അക്കൗണ്ട് നാളിതുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി അക്കൗണ്ട് തുറന്ന് ഇ-ടെൻഡർ നടപടികൾ ഈ അക്കൗണ്ടിലൂടെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസ വേതനനിരക്കിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് അധിക വേതനം നൽകി

ജി.ഒ(പി)28/2016 ഫിൻ 26.02.2016, ജി.ഒ(പി)136/2016 ഫിൻ 07.09.2016 എന്നിവ പ്രകാരം ഡ്രൈവർമാരുടെ ദിവസ വേതനം 685/- രൂപയായും പരമാവധി ഒരുമാസം അനുവദിക്കാവുന്ന തുക 18450/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം ദിവസ വേതനം താഴെപ്പറയുന്ന മാസങ്ങളിൽ അധികമായി നൽകിയിട്ടുണ്ട്.

ജോസ് കെ.ജോർജ്

| മാസം | ആകെ ദിവസം | നൽകാവുന്ന നിരക്ക് | നൽകിയതത് | ആകെ | കൂടുതൽ നൽകിയത് |
|---|---|---|---|---|---|
| മെയ് | 27 | 685x27=18495<br>(പരമാവധി 18450 ) | 685x27 | 19265 | 815 |

| | | | | | |
|---|---|---|---|---|---|
| ജൂൺ | 26 | 685x26=17810 | 710x26 | 18460 | 650 |
| ജൂലൈ | 25 | 685x25=17125 | 710x25 | 17750 | 625 |
| ആഗസ്റ്റ് | 28 | 685x28=19180(പരമാവധി 18450 ) | 710x28 | 19880 | 1430 |
| സെപ്റ്റംബർ | 19 | 685x19=13015 | 710x19 | 13490 | 475 |
| ഒക്ടോബർ | 24 | 685x24=16440 | 710x24 | 17040 | 600 |

ബിനു കുര്യാക്കോസ്

| മാസം | ആകെ ദിവസം | നൽകാവുന്ന നിരക്ക് | നൽകിയത് | ആകെ | കൂടുതൽ നൽകിയത് |
|---|---|---|---|---|---|
| ഒക്ടോബർ | 4 | 685x4=2740 | 710x4 | 2840 | 100 |
| നവംബർ | 27 | 685x27=18495 | 710x27 | 19170 | 675 |
| ജനുവരി | 28 | 685x28=19180 (പരമാവധി 18450 ) | 685x28 | 19180 | 730 |
| ആകെ | | | | | 6100 |

ഡ്രൈവർമാർക്ക് അധികനിരക്കിൽ നൽകിയ 6100/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ സർക്കാർ അനുവദിച്ച നിരക്കിൽ ദിവസ വേതനം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്

## 3-2 രാജീവ് ഗാന്ധി സേവാഘർ - ഓഫീസ് സജ്ജീകരണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ല.

പ്രോജക്ട് നം - 135/18

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 503842 രൂപ (വികസന ഫണ്ട് (പൊതു)

(ട്രഷറി ബിൽ നം - 16/26.10.17 )

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിരിക്കുന്ന രാജീവ് ഗാന്ധി സേവാഘറിൽ സ്ഥാപിക്കാനായി ചുവടെ ചേർക്കുന്ന സജ്ജീകരണ സംവിധാനങ്ങൾ റബ്കോ വിതരണം ചെയ്തു. (ഇൻവോയ്സ് നം - RHW /17-18/169/14.11.17 )

| | | |
|---|---|---|
| 1 | Partition 2.4 m height with doors | 346815 |
| 2 | Door for partition | 74452 |
| 3 | Partition 1.2 m height | 82875 |
| | ആകെ | 50384 |

എന്നാൽ നാളിതുവരെ പ്രസ്തുത സംവിധാനങ്ങൾ ഓഫീസിൽ സജ്ജീകരിച്ചിട്ടില്ല. ഉപകരണങ്ങൾ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ ചെലവഴിച്ച 5,03,842/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം -160/18

നിർവഹണോദ്യോഗസ്ഥൻ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ചെലവ് - 7,89,500 രൂപ(വികസന ഫണ്ട് (പൊതു വിഭാഗം)

(ട്രഷറി ബിൽ നം - 52/18/28.12.17)

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ, ബ്ലേഡ് ഗ്രൈൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരളാ കമ്പനിയ്ക്ക് 7,89,500/- രൂപ അഡ്വാൻസ് ആയി 28/12/17 ൽ കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ സപ്ളൈ ചെയ്യുവാനുള്ള സൗകര്യം ഒരുക്കണമെന്നും അഡ്വാൻസിന് ശേഷം ബാക്കി നിൽക്കുന്ന തുക നൽകണമെന്നും ആവശ്യപ്പെട്ട് ക്ലീൻ കേരളാ കമ്പനി 09.07.18 ൽ ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകി. എന്നാൽ ഉപകരണങ്ങൾ നാളിതുവരെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ സ്ഥാപിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകി. യൂണിറ്റിന്റെ വൈദ്യുതീകരണം പോലും പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു. ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ പ്രോജക്റ്റ് തയ്യാറാക്കി, അനുബന്ധോപകരണങ്ങൾ സ്ഥാപിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ചെലവഴിച്ച 7,89,500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രമില്ല

2017-18 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർവ്വഹണ ഏജൻസികൾക്കും തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | തുക | തുക കൈമാറിയ സ്ഥാപനം / ഏജൻസി | ബിൽ നം / തീയതി |
|---|---|---|---|---|
| 25/18 | കുർക്കമറ്റം പന്നഗം തോട്ടിൽ ക്രോസ് ബാർ കം പാലം നിർമ്മാണം | 490000 (വികസന ഫണ്ട്) | അകലക്കുന്നം ഗ്രാമപഞ്ചായത്ത് | 62/18/28.03.18 |
| 86/18 | മീനടം ഡിവിഷൻ പഞ്ചായത്ത്പടി മണ്ണൂർപടി റോഡ് പൂർത്തീകരണം | 252823 (വികസന ഫണ്ട്) | മീനടം ഗ്രാമപഞ്ചായത്ത് | 53/18/28.12.18 |
| 174/18 | പാമ്പാടി ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 479187 (വികസന ഫണ്ട്) | പാമ്പാടി ഗ്രാമപഞ്ചായത്ത് | 72/18/28.03.18 |
| 170/18 | മീനടം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 450000 (വികസന ഫണ്ട്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 68/18/28.03.18 |
| 138/18 | എലിക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 6 അംഗൻവാടി കെട്ടിട | 240000 (വികസന ഫണ്ട്) | എൻ.ആർ.ഇ.ജി.എ മിഷൻ ഡയറക്ടർ , തിരുവനന്തപുരം | 43/18/12.02.18 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | | |
| 146/18 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് 7,12 വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 120000(വികസന ഫണ്ട്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 19/18/23.11.18 |
| 145/18 | മണർകാട് ഗ്രാമപഞ്ചായത്ത് 5,6 വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 122346 (വികസന ഫണ്ട്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 18/18/23.11.18 |
| 7/18 | പാലിയേറ്റീവ് കെയർ - വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ | 750000(വികസന ഫണ്ട്) | അകലക്കുന്നം , എലിക്കുളം , കിടങ്ങൂർ , പള്ളിക്കത്തോട് , മീനടം, കൂരോപ്പട ഗ്രാമപഞ്ചായത്തുകൾ | 24-27/18 /29.11.18 |
| 27/18 | മാലം ഡിവിഷൻ വാർഡ് 11 ഇളപ്പുങ്കൽ വാളത്താറ്റുപടി റോഡ് പൂർത്തീകരണം | 117767(വികസന ഫണ്ട്) | മണർകാട് ഗ്രാമപഞ്ചായത്ത് | 47/18/12.02.18 |
| 19/18 | ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് വിഭവ സംഭരണ കേന്ദ്രം കെട്ടിടനിർമ്മാണം | 400000 (വികസന ഫണ്ട്) | അകലക്കുന്നം ഗ്രാമപഞ്ചായത്ത് | 32/18/27.12.18 |
| 29/18 | കിടങ്ങൂർ ഗ്രാമപഞ്ചായത്ത് നെൽകർഷകർക്ക് കൂലിച്ചെലവ് | 400000(വികസന ഫണ്ട്) | കിടങ്ങൂർ ഗ്രാമപഞ്ചായത്ത് | 13/18/29.11.18 |
| 24/18 | മണർകാട് ഡിവിഷനിൽ നെൽകർഷകർക്ക് കൂലിച്ചെലവ് | 212500 (വികസന ഫണ്ട്) | മണർകാട് ഗ്രാമപഞ്ചായത്ത് | 46/18/12.02.18 |
| 15/18 | പറക്കാവ് കുടിവെള്ളപദ്ധതി , പാമ്പാടി ഗ്രാമപഞ്ചായത്ത് 15 ാംവാർഡ് | 250000(വികസന ഫണ്ട്) | പാമ്പാടി ഗ്രാമപഞ്ചായത്ത് | 44/18/12.2.18 |
| 158/18 | ആനിക്കാട് ജലസേചന പദ്ധതി | 500000 (വികസന ഫണ്ട്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 33/18/28.2.18 |
| 72/18 | ഇളമ്പള്ളി ബഡ്സ് സ്കൂൾ നിർമ്മാണം | 200000 (വികസന ഫണ്ട്) | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 45/18/12.02.18 |
| 140/18 | ചാത്തമല എസ്.റ്റി.കോളനി കുടിവെള്ള പദ്ധതി | 627000(റ്റി.എസ്.പി) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 22/18/23.11.17 |
| 141/18 | പന്തമാക്കൽ എസ്.സി.കോളനി | 500000 (എസ്.സി.പി) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 23/18/23.11.17 |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | |
| 139/18 | കാട്ടാംകുന്ന് എസ്.റ്റി.കോളനി കുടിവെള്ള പദ്ധതി | 642000 (റ്റി.എസ്.പി) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 55/18/21.103.18 28/18/29.11.18 |
| 21/18 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് കാർഷിക വിഭവസംഭരണ കേന്ദ്രത്തിന് കെട്ടിടനിർമ്മാണം | 300000 (വികസന ഫണ്ട്) | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 25/18/29.11.17 |
| 156/18 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഹരിപ്പാട്ടുകുന്ന് കുടിവെള്ളപദ്ധതി പൂർത്തീകരണം | 240000 (വികസന ഫണ്ട്) | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 49/18/12.02.18 |
| 22/18 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വെട്ടിക്കയം ജലസേചനപദ്ധതി പൂർത്തീകരണം | 200000 (വികസന ഫണ്ട്) | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 27/18/29.11.17 |
| 28/18 | കിണർ റീചാർജ്ജിംഗ് | 1212750 (വികസന ഫണ്ട്) | കൂരോപ്പട ഗ്രാമപഞ്ചായത്ത് (500000) കിടങ്ങൂർ ഗ്രാമപഞ്ചായത്ത് (100000) മണർകാട് ഗ്രാമപഞ്ചായത്ത് (612750) | 33/18/28.12.17 34/18/28.12.17 36/18/12.01.18 |
| | ആകെ | 8706373 | | |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള നിർവഹണ ഏജൻസികൾ പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഉറപ്പു വരുത്തേണ്ടതാണ്. സംയുക്ത പ്രോജക്ടുകൾക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുമ്പോൾ ജി.ഒ(പി)7/17/ഫിൻ തീയതി 23.01.17 പാലിക്കുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (03/7.11.18) ചില പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് പറയുന്നുണ്ടെങ്കിലും ആയവയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 87,06,373/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഐ.എ.വൈ അധിക വിഹിതം തിരികെ അടവാക്കൽ - ആനിക്കാട് ഫാർമേഴ്സ്

<u>കോഓപ്പറേറ്റീവ് ബാങ്കിലെ തിരിച്ചടവ് മുതൽ ഇനത്തിൽ വരവ് ചേർക്കുക</u>

2012-13 ലെ IAY ഗുണഭോക്താക്കൾക്ക് അധികധനസഹായം നൽകാൻ ആനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള ലോണിന്റെ മുതൽ ഇനത്തിൽ 32,47,553/- രൂപ വിവിധ പ്രോജക്ടുകളിലൂടെ വികസനഫണ്ടിൽ നിന്നും 2017-18 ൽ തിരികെ അടവാക്കിയിട്ടുണ്ട്. എന്നാൽ ആനിക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ അടവാക്കിയ തുക ബാങ്ക് പലിശയിനത്തിലാണ് അടവ് വരുത്തിയത് (1623777രൂപ). പലിശ ഇനത്തിൽ തെറ്റായി വരവ് ചേർത്തത് മുതൽ ഇനത്തിൻ ക്രമീകരിയ്ക്കാൻ 11/09/18 ൽ പഞ്ചായത്ത് ബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക കൃത്യമായി ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. തുക അടവാക്കിയതിന് ബാങ്കുകൾ നൽകിയ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 <u>മോഡൽ കാർഷിക മാർക്കറ്റ് - സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

പ്രോജക്ട് നം - 71/18 നിർവഹണോദ്യോഗസ്ഥൻ - കൃഷി അസിസ്റ്റൻറ് ഡയറക്ടർ

ചെലവ് - 15,12,070 രൂപ (വികസന ഫണ്ട് (പൊതു)

(ബിൽ നം - 03/18/27.2.18 , 04/18/17.3.18 , 06/18/28.03.18)

കാർഷികോത്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും കർഷകർക്ക് കൈത്താങ്ങാകുവാൻ കൃഷി അസിസ്റ്റൻറ് ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് മോഡൽ കാർഷിക മാർക്കറ്റ് എന്ന് പ്രോജക്ട് നടപ്പിലാക്കി. പാമ്പാടി ബ്ലോക്കിലെ 8 പഞ്ചായത്തുകളിലായി നിലവിൽ പ്രവർത്തിക്കുന്ന പത്തിൽ പരം കാർഷിക വിപണികളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പരസ്പരം ബന്ധിപ്പിക്കുകയും ഉത്പ്പന്നങ്ങൾ ആവശ്യാനുസരണം കൈമാറ്റം നടത്തുകയുമാണ് ഈ നൂതന പ്രോജക്ടിന്റെ മുഖ്യ ഉദ്ദേശ്യം. ഇതിനായി വിവിധ സംഘങ്ങളുടെ ഭാരവാഹികൾ ചേർന്ന് ബ്ലോക്ക് മാർക്കറ്റിംഗ് അപ്പെക്സ് ബോഡി രൂപീകരിക്കുകയും, പാമ്പാടി ചന്ത എന്ന ഓൺലൈൻ മാർക്കറ്റിംഗ് സിസ്റ്റം നിലവിൽ വരുകയും ചെയ്തു. കാർഷിക നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക, കാർഷിക മാർക്കറ്റ് വഴി യന്ത്രങ്ങൾ കർഷകർക്ക് വാടകയ്ക്ക് നൽകുക എന്നിവയും പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കി. കർഷകരുടെ കൃഷിയിടങ്ങൾ വിപണനകേന്ദ്രമാകുന്ന പ്രസ്തുത സംവിധാനത്തിന്റെ നിർവഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം. 3 /17-18/27.02.18 പ്രകാരം ഹോണ്ടാ പവർ ടില്ലർ വാങ്ങി പ്ലാൻകോസ് മട്ടക്കുന്ന് , വെള്ളൂർ എ ഗ്രേഡ് മാർക്കറ്റിംഗ് പാമ്പാടി എന്നീ കർഷക സംഘങ്ങൾക്ക് വിതരണം ചെയ്തു. എന്നാൽ കർഷകസംഘങ്ങൾ ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടില്ല .

2. പ്രോജക്ടിനായുള്ള ഓൺലൈൻ സംവിധാനം തയ്യാറാക്കി നൽകിയ സെനോസോഫ്റ്റ് സോഫ്റ്റ് വെയർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല.

3. പ്രോജക്ട് നിർവഹണ ഏജൻസിയായ പാമ്പാടി ബ്ലോക്ക് മാർക്കറ്റിംഗ് അപെക്സ് ബോഡി എന്ന സ്ഥാപനത്തിന് പ്രോജക്ടിന്റെ ഭാഗമായി 3 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി കേരള ഗ്രാമീൺ ബാങ്ക് , കൂരോപ്പട ബ്രാഞ്ചിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക സംരഭകത്വ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താതെ അക്കൗണ്ടിൽത്തന്നെ അവശേഷിക്കുന്നു. ആകയാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

4. കാഞ്ഞിരമറ്റം ഫാർമേഴ്സ് ക്ലബ്ബ് ,പ്ലാൻകോസ് കർഷക സംഘം എന്നിവിടങ്ങളിലെ സംസ്കരണപ്ലാന്റിലേയ്ക്ക് ഫ്രീസർ വാങ്ങി നൽകി. ആയതിനും നിർവഹണോദ്യോഗസ്ഥൻ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടില്ല.

5.പാമ്പാടി ബ്ലോക്കിലെ 32 കർഷകഗ്രൂപ്പുകളുടെ ഏകോപന സംഘമായ FEO (പ്രതീക്ഷാ)യുടെ കീഴിലെ ലേബർഫോഴ്സ് എന്ന പദ്ധതിയ്ക്ക് ഹോണ്ടാ പവർ ടില്ലർ , ബ്രഷ് കട്ടർ ,ബാറ്ററി സ്പ്രേയർ എന്നിവ വാങ്ങി. ഉപകരണങ്ങളിൽ ഉൾപ്പെട്ട ഹോണ്ടാ പവർ ടില്ലർ കർഷക ഗ്രൂപ്പുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഉപകരണങ്ങളുടെ കൈമാറ്റം സംബന്ധിച്ച് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടില്ല.

4. എലിക്കുളം ഗ്രാമപഞ്ചായത്ത് നാട്ടുപച്ച സംഘത്തിലെ ഗുണഭോക്താക്കൾ മഴമറ നിർമ്മിച്ച് നാടൻ വിത്തുകൾ ,തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വരുന്നുണ്ട്. എൽ.എസ്.ജി.ഡി. എൻജിനീയർ/ഓവർസിയർ നിർമ്മാണത്തിന് വാല്യൂവേഷൻ നടത്തിയിട്ടില്ല..

5. എലിക്കുളം ഫേസ് എക്കോഷോപ്പ് , കുരോപ്പട എക്കോഷോപ്പ് എന്നിവയുടെ മൂല്യനിർണ്ണയവും എൽ.എസ്.ജി.ഡി. എൻജിനീയർ/ഓവർസിയർ നടത്തിയിട്ടില്ല.

6. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ വിവിധ ഉപകരണങ്ങളുടെ പഞ്ചായത്ത്തല സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല.

അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച 15,12,070/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 കിടങ്ങൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ മോട്ടോർ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - ഗുണഭോക്തൃവിഹിതം ആനുപാതികമായി കണക്കാക്കി കുറവ് ചെയ്തില്ല-

| | |
|---|---|
| പ്രൊജക്റ്റ് നം | 46/18 |
| അടങ്കൽ | 5,50,000/-(495000വികസന ഫണ്ട്+55000ഗുണ.വിഹിതം) |
| ചെലവ് | 4,98,872/-(വികസനഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| എം ബുക്ക് നം | 25/17-18 |
| കരാറുകാരൻ | ഷോണി പി. ജേക്കബ് |

കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ മോട്ടോർ, 5HP പമ്പ്, പമ്പിങ്ങ് മെയിൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ സ്ഥാപിക്കുന്നതിനായി 5,55,000/- രൂപ അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കിയതിൽ 55,000/-രൂപ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നു (10%). ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതം 55000/- രൂപ പിരിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് ( രസീത് നം 912/18-12-2017). എന്നാൽ കരാറുകാരന് നൽകുന്നതിനായി ആകെ ബിൽ തുക തയ്യാറാക്കിയതിൽ ഗുണഭോക്തൃവിഹിതം ആനുപാതികമായി പഞ്ചായത്ത് ഫണ്ടിൽ അടച്ചത് കുറവ് ചെയ്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പകരം കൂടുതൽ തുകയും വികസനഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 5,11,513/- |
| ഗുണഭോക്തൃവിഹിതം കുറവ് ചെയ്യേണ്ടത് | 55,000/- |
| വികസനഫണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുക | 4,56,513/- |
| വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക | 481572( Bill No 26/17-18) |
| വികസനഫണ്ടിൽ നിന്നും അധികം നൽകിയ തുക | 25,059/- |

വികസനഫണ്ടിൽ നിന്നും അധികം നൽകിയ തുക തനത്ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-8 പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത്-ചക്കാംപുഴ കുടിവെള്ളപദ്ധതി- കരാറുകാരൻ ക്വാട്ട് ചെയ്തതിൽ കൂടുതൽ നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം | 101/18 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,897/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സി. എഞ്ചിനീയർ |
| കരാർ നം | 41/AEE/LSGD/PDP/16-17 dt 9-03-17 |
| എംബുക്ക് നം | 29/16-17 |
| ബിൽ നം | 3/17-18 തീയതി 30-06-2017 |

ചക്കാംപുഴ കുടിവെള്ളപദ്ധതിയ്ക്കായി കിണർ നിർമ്മാണത്തിന് 5 ലക്ഷം രൂപ അടങ്കലായി എസ്റ്റിമേറ്റ്

തയ്യാറാക്കുകയും സർക്കാർ നിർദ്ദേശപ്രകാരമുള്ള ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് (464739.91/-രൂപ)ക്വാട്ട് ചെയ്ത വി ഹരിശങ്കർ എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ബിൽ തയ്യാറാക്കിയ വേളയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയതുക എസ്റ്റിമേറ്റ് പ്രകാരമുള്ളത് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| EW excavation<br>initial depth--46.73m3 | @295.45<br>=13806.37 | @276.25<br>=12909.16 | 897 |
| EW excavation<br>Ist depth--46.73m3 | @296.03<br>=13833.48 | @276.79<br>=12934.40 | 899 |
| EW excavation<br>2nd depth--46.73m3 | @363.83<br>=17003.64 | @340.32<br>=15903.15 | 1100 |
| EW excavation<br>3rd depth—9.60m3 | @431.7<br>=4144.32 | @403.05<br>=3869.28 | 275. |
| Providing and laying RCC<br>16.763m3 | @9137.83<br>=153181.6 | @8543<br>143210.67 | 9971 |
| Centering shuttering<br>128.11m2 | @529.19<br>=67795.59 | @494.79<br>=63387.55 | 4408 |
| Steel reinforcement for RCC<br>793.94KG | @98.88<br>=79298.72 | @93.39<br>=74146.06 | 5153 |
| Pumping out water<br>105 KL | @137.87<br>=14476.35 | @128.01<br>=13441.05 | 1035 |
| Extra item<br>DR masonary<br>48.68m3 | @2760<br>=134356.8 | @2567(-7% of 2760)<br>=124961.56 | 9395 |
| ആകെ അധികം നൽകിയ തുക | | | 33133 |

മേൽ സൂചിപ്പിച്ച അപാകത വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7)മറുപടി ലഭ്യമായില്ല. ആകെ അധികം നൽകിയ തുകയായ 33,133/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. .

## 3-9 ടെൻഡർ അപാകത - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം. | 62/18 ചക്കാംപുഴ-തുമ്പോളി കുടിവെള്ളപദ്ധതി |
| അടങ്കൽ | 9,50,000/-(700000-SCP +250000 Pallickathodu Gr.Pt) |
| ചെലവ് | 183374/-(SCP) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| എംബുക്ക് നം | 23/17-18 |
| ബിൽ നം | 19/17-18തീയതി 28-03-18 |
| കരാർ നം. | 23/AE/LSGD/PBP/17-18 തീയതി 31.01.18 |

പ്രസ്തുത പ്രൊജക്റ്റിന് ഇ-ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പിഎസ് രവീന്ദ്രൻ നായർ , പന്തലാനിക്കൽ സമർപ്പിച്ച BOQ പ്രകാരം 8,62,853.36/- രൂപ(9.17% below)യും ശ്രീ സാജു തോമസ്,ഇടക്കര സമർപ്പിച്ച BOQ പ്രകാരം 800106.11/- രൂപ(15.78% below)യും ക്വാട്ട് ചെയ്തിരുന്നു. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശ്രീ സാജു തോമസിന്റെ ടെൻഡർ അംഗീകരിക്കാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ പിഎസ് രവീന്ദ്രൻ നായരുടെ ടെൻഡർ അംഗീകരിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 11)മറുപടി ലഭിച്ചില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളുടെ ടെൻഡർ അംഗീകരിക്കാതിരുന്നതു മൂലം ആദ്യ പാർട്ട് ബിൽ തുക നൽകിയതിൽ എസ് സി പി ഫണ്ടിൽ നിന്നും അധിക തുക നൽകാനിടയായി. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തയാളുടെ ടെൻഡർ അംഗീകരിക്കാതിരുന്നത് മൂലം അധികം തുക നൽകേണ്ടി വരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതാണ്. തൃപ്തികരമായ മറുപടി ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,83,374/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം വരെ നടപ്പാക്കിയ ഭവനനിർമ്മാണ പ്രോജക്ടുകളുടെ വിശകലനം

2015-16 സാമ്പത്തിക വർഷം വരെ ബ്ലോക്ക് പഞ്ചായത്തിൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പ്രകാരമുള്ള ഭവനനിർമ്മാണ പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. 2011-13 വരെ വിവിധ വർഷങ്ങളിലായി കരാറിൽ ഏർപ്പെട്ട് അഡ്വാൻസ് കൈപ്പറ്റിയിരുന്നതും ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിച്ചിരുന്ന ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പൂർത്തീകരിക്കാത്തതിനാൽ ലൈഫ് പദ്ധതിയിലേക്ക് മാറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2006-07 | 1 |
| 2008-09 | 1 |
| 2009-10 | 2 |
| 2010-11 | 3 |
| 2011-12 | 3 |
| ആകെ | 10 |

2012-13 വർഷംമുതലുള്ള ഐ.എ.വൈ ഭവന നിർമ്മാണ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കരാറിൽ ഏർപ്പെട്ട ഗുണഭോക്താ | ഭവനനിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താ | അവശേഷിക്കുന്ന ഗുണഭോക്താ ക്കളുടെ എണ്ണം | അവശേഷിച്ച വരിൽ തുക തിരികെ | റവന്യൂ റിക്കവറി നടപടികൾ | പൂർത്തീകരി ക്കാത്തതിനാൽ ലൈഫ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | ക്കളുടെ എണ്ണം | ക്കളുടെ എണ്ണം | | ഒടുക്കിയ ഗുണഭോക്താക്കളുടെ എണ്ണം | ആരംഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതിയിലേക്ക് മാറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
| 2012-13 | 119 | 119 | - | - | - | - |
| 2013-14 | 180 | 174 | 6 | - | 4 | 2 |
| 2014-15 | 229 | 219 | 10 | 4 | | 6 |
| 2015-16 | 244 | 234 | 10 | 4 | 4 | 2 |
| ആകെ | 772 | 746 | 26 | 8 | 8 | 10 |

2006-07 മുതൽ 2015-16 വരെ ഭവനനിർമ്മാണം പൂർത്തീകരിക്കാതെ ലൈഫ് പദ്ധതിയിലേക്ക് മാറ്റിയ 20 ഗുണഭോക്താക്കളിൽ 19 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീമതി. ശാന്താശശി, തോട്ടുപുറം എലിക്കുളം എന്ന ഗുണഭോക്താവ് ഇനിയും പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക | റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്ത തുക |
|---|---|---|---|
| 2013-14 | റെജിമോൻ കെ.എസ്., കുര്യന്നൂർകുന്ന്, പാമ്പാടി | 17500 കേന്ദ്ര വിഹിതം | 17500 |
| 2013-14 | നിഷാ ജെയ്മോൻ, നടപ്പുറകിൽ മല്ലികശ്ശേരി | 64250 കേന്ദ്ര വിഹിതം+ 57375 തുതല പഞ്ചായത്ത് വിഹിതം | 121625 |
| 2013-14 | സുബിസിജോ, പൂതോട്ടാൽ, ളാക്കാട്ടൂർ | 24250 കേന്ദ്ര വിഹിതം | 24250 |
| 2013-14 | ഷീല സുരേഷ്, ചിറപ്പുറത്ത്, കിടങ്ങൂർ | 24250 കേന്ദ്ര വിഹിതം | 24250 |
| 2015-16 | ബിൻസി ഷാജി, കളപ്പുരക്കൽ, കൂരാലി | 59500 കേന്ദ്ര വിഹിതം | 59500 |
| 2015-16 | ലീലാമ്മ ചെല്ലപ്പൻ, കുമ്പത്താനം, പൂതക്കുഴി | 17500 കേന്ദ്ര വിഹിതം | 17500 |
| 2015-16 | ഷൈലമ്മ പ്രദോഷ് കുമാർ, കല്ലോലിക്കൽ, തിരുവഞ്ചൂർ | 17500 കേന്ദ്ര വിഹിതം | 17500 |
| 2015-16 | സജിത ചന്ദ്രൻ, മുളന്തുരുത്തിൽ, കിടങ്ങൂർ | 17500 കേന്ദ്ര വിഹിതം | 17500 |
| ആകെ | | | 299625 |

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഐ.എ.വൈ. സംബന്ധിച്ച എസ്.ബി.ഐ. പള്ളിക്കത്തോട് ശാഖയിലെ 67169988433 നമ്പർ അക്കൗണ്ടിൽ 31.03.2018ൽ 9172374/- രൂപ അവശേഷിക്കുന്നുണ്ട്. സർക്കാരിൽ നിന്നും പ്രത്യേകാനുമതി വാങ്ങി ഭവനനിർമ്മാണ പ്രോജക്ടുകൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം തുക യഥാർത്ഥ സോഴ്സിലേക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

തുക തിരികെ ഈടാക്കി കരാർ റദ്ദാക്കിയ ഗുണഭോക്താവിൽ നിന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുക മുഴുവൻ ഈടാക്കിയതായി കാണുന്നില്ല.

ഐ.എ.വൈ ഭവനനിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതിൽ പണി പൂർത്തിയാക്കാൻ അവശേഷിച്ചിരുന്ന 8 ഗുണഭോക്താക്കളാണ് തുകതിരികെ ഒടുക്കി കരാർ റദ്ദാക്കിയിട്ടുള്ളത്. ഇതിൽ ഐ.എ.വൈ.

ഭവനനിർമ്മാണ പദ്ധതി 2014-15 ലെ ഗുണഭോക്താവായ ശ്രീ.പി.എൽ.ലൂക്കോസ് & ശ്രീമതി ആലീസ്, പുളിക്കൽ വെള്ളൂർ.പി.ഒ, എന്ന ഗുണഭോക്താവിന്റെ കരാർ റദ്ദാക്കിപ്പോൾ ഈടാക്കേണ്ടിയിരുന്ന മുഴുവൻ തുകയും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 19.11.14 ഭവന നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും, 22.11.14ൽ 17500/- രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്. (അക്കൗണ്ട് നം 67300995043 എസ്.ബി.ഐ. പാമ്പാടി). 22.01.16 ൽ ശ്രീമതി ആലീസ് ലൂക്കോസ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ അപേക്ഷ പ്രകാരം ഭവന പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാ ത്തതിനാൽ കൈപ്പറ്റിയ 17500/- രൂപയും പലിശയും തിരിച്ചടയ്ക്കുവാൻ തയ്യാറാണെന്നും അറിയിച്ചു. 22.01.16 ലെ ഓഫീസ് ഉത്തരവ് പ്രകാരം 17500/- രൂപയും 18% പലിശയും ഉൾപ്പടെ 19950/- രൂപ 11502100023/ 22.01.16 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി. ഇത് പ്രകാരം 19.11.14 ലെ കരാർ റദ്ദാക്കി പ്രമാണം തിരികെ നൽകി. എന്നാൽ എഐ.എ.വൈ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 22.11.14ൽ 17500/- രൂപ നൽകിയത് കൂടാതെ 19.02.15ൽ ഐ.എ.വൈ വിഹിതം 24250/- രൂപയും, ബ്ലോക്ക് വിഹിതം 50000/- രൂപയും ഉൾപ്പടെ 74250/- രൂപ നൽകിയതായി രേഖപ്പെടുത്തി അക്കാലയളവിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖപ്പെടുത്തലിൽ ചെക്ക് നമ്പരോ മറ്റ് വിവരങ്ങളോ ചേർത്തിട്ടില്ല. 22.01.16 ൽ കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഓഫീസ് ഉത്തരവിൽ മേൽ പ്രസ്താവിച്ച 74250 രൂപയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. 22.01.16 ൽ സെക്രട്ടറി രജിസ്റ്റർ പരിശോധിക്കാതെയാണ് കരാർ റദ്ദ് ചെയ്യുന്നതിനായി ഉത്തരവ് ഇറക്കിയത് യഥാർത്ഥത്തിൽ ( 91750 ( 17500+ 24250+50000) രൂപയും ആയതിന് 18% പലിശയും ഉൾപ്പടെയുള്ള തുകയായിരുന്നു ഈടാക്കേണ്ടിയിരുന്നത് എന്ന് രജിസ്റ്റർ പ്രകാരം കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം2/17-18 ന് മറുപടി ലഭ്യമാക്കിയില്ല.

പി.എം.എ.വൈ. പ്രോജക്ട് സംബന്ധിച്ച അവലോകനം

2016-17, 2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ. പ്രോജക്ടാണ് നടപ്പാക്കിയിട്ടുള്ളത്. 2016-17 25 ഗുണഭോക്താക്കളും, 2017-18 2 ഗുണഭോക്താക്കളും ഉൾപ്പടെ ആകെ 27 ഗുണഭോക്താക്കളാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. ഇതിൽ 26 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്. ശേഷിക്കുന്ന ഗുണഭോക്താവായ ശ്രീ.അനൂപ് ബി. പുത്തൻപുരയ്ക്കൽ, കൂരോപ്പട എന്നയാൾ പണിപൂർത്തീകരിച്ചിട്ടുണ്ട് എങ്കിലും അവസാന ഗഡു തുക നൽകിയിട്ടില്ല. പി.എം.എ.വൈ. പ്രോജക്ട് സാമാന്യം തൃപ്തികരമായി നടപ്പിലാക്കുന്നുണ്ടെന്ന് വിലയിരുത്താവുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 2017-18 | 2,90,000 | മരോട്ടി മേജർ കുടിവെള്ള പദ്ധതി | 0 | 290000 |
| പാമ്പാടി ഗ്രാമപഞ്ചായത്ത് | 2017-18 | 5,00,000 | വെള്ളൂർഡിവിഷനിൽഉരുത്തേൽ ഭാഗത്ത് പാലം നിർമ്മാണം | 0 | 500000 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2017-18 | 20,00,000 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണം | 0 | 2000000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-ആനിക്കാട് എംഡബ്ല്യുഎസ് എസ് | 33/28.02.18 | 0 | 500000 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-കാട്ടാംകുന്ന് എസ് റ്റി കോളനി | 55/18/21.03.18<br>28/18/29.11.18 | 0 | 642000 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-ചാത്തമല എസ് സി കോളനി | 22/18/23.11.17 | 0 | 627000 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-പന്തമാക്കൽ എസ് സി കോളനി | 23/18/23.11.17 | 0 | 500000 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-മണർകാട് 5,6മാലം ഡിവിഷൻ | 18/18/23.11.18 | 0 | 122346 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-പള്ളിക്കത്തോട് വാർഡ് 7, 12 | 19/18/23.11.18 | 0 | 120000 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | കുഴൽക്കിണർ നിർമ്മാണം-മീനടം പഞ്ചായത്തിലെ വിവിധ വാർഡുകൾ | 68/18/28.03.18 | 0 | 450000 | 0 |
| ആകെ | | | | 2961346 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/തീയതി | വായ്പ നൽകിയ സ്ഥാപനത്തിന്റെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക. | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ ഭവന നിർമ്മാണം | ജി.ഒ(എം.എസ്) 90/13-തസ്വഭവ 14.03.13 | 1.അഗ്രിക്കൾച്ചറൽ റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി,ആനിക്കാട് | 3000000 | 3000000 | 1623777 | 1376223 |
| | | 2.കിടങ്ങൂർ എസ്.സി.ബി | 2250000 | 2250000 | 1623776 | 626224 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ (ആകെ ചെലവ്-108709 രൂപ) | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78636909 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65326081 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39233 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11695159 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6100 | സെക്രട്ടറി |
| 3-8 | | 33133 | ശ്രീ.സുരേഷ് കുമാർ പി.കെ , അസി.എക്സികൃൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 503842 | സെക്രട്ടറി |
| 3-3 | 789500 | സെക്രട്ടറി |
| 3-4 | 8706373 | സെക്രട്ടറി |
| 3-6 | 1512070 | ശ്രീ.കോരാ തോമസ് , കൃഷി അസി.ഡയറക്ടർ |
| 3-9 | 183374 | ശ്രീ.സുരേന്ദ്രബാബു കെ.പി., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കുമാർ പി.കെ, അസി.എക്സികൃൂട്ടീവ് എഞ്ചിനീയർ | അസി.എക്സികൃൂട്ടീവ് എഞ്ചിനീയർ, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ശാനിനീ സദനം, കല്ലുമല പി.ഒ മാവേലിക്കര ,ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01, 2001-02 | പി12/421/14/5.5.15/16.9.15 | 21 | |

| | | | |
|---|---|---|---|
| 2002-03 | പി12/421/14/06.05.15/16.09.15 | 6 | |
| 2003-04 | പി12/421/14/06.05.15/16.09.15 | 10 | |
| 2004-05 | പി12/421/14/06.05.15/16.09.15 | 1 | |
| 2005-06 | പി12/421/14/06.05.15/16.09.15 | 9 | |
| 2006-07 | പി12/421/14/06.05.15/16.09.15 | 6 | |
| 2007-08 | പി12/421/14/06.05.15/16.09.15 | 2 | |
| 2008-09 | പി12/421/14/06.05.15/16.09.15 | 3 | |
| 2009-10 | പി12/421/14/06.05.15/16.09.15 | 1 | |
| 2010-11 | പി12/421/14/06.05.15/16.09.15 | 10 | |
| 2011-12 | പി12/810/14/05.02.14 | 13 | |
| 2012-13 | പി12/1335/14/07.09.15/16.09.15 | 11 | |
| 2013-14 | പി12/179/15/12.01.16 | 7 | |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി12/188/16/ 26.02.2016 | 7 | |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി12/139/17/ 08.02.2017 | 25 | |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി15/140 /18/ 28.02.2018 | 8 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി./15/1851/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 08.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം